## പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 580 28.09.2011-ൽ മറുപടിയ്ക്ക്

### ജീവൻ രക്ഷാ ഔഷധങ്ങളുടെ വിലനിലവാരം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ കെ. മുഹമ്മദുണ്ണി ഹാജി: | ശ്രീ. അടൂർ പ്രകാശ് (ആരോഗ്യവും കയറും വകുപ്പു മന്ത്രി) |
| (എ) ജീവൻ രക്ഷാ ഔഷധങ്ങളുടെ വിലനിലവാരം നിയന്ത്രിക്കുന്നതിനും മരുന്ന് കമ്പനികളുടെ ചൂഷണത്തിൽ നിന്ന് ജനങ്ങളെ രക്ഷിക്കുന്നതിനും ഇതുവരെ ചെയ്തതും ഇനി ചെയ്യാൻ ഉദ്ദേശിക്കുന്നതുമായ കാര്യങ്ങൾ വിശദമാക്കുമോ; | (എ) മരുന്നുകളുടെ വില നിലവാരം നിയന്ത്രിക്കുന്നത് കേന്ദ്ര സർക്കാരാണ്. കേന്ദ്ര കെമിക്കൽസ് ആന്റ് ഫെർട്ടിലൈസേഴ്സ് മന്ത്രാലയത്തിന്റെ കീഴിലുള്ള National Pharmaceutical Pricing Authority (NPPA) ആണ് മരുന്നുകളുടെ സീലിംഗ് പ്രൈസ് കാലാകാലങ്ങളിൽ Government Notification വഴി തീരുമാനിക്കുന്നത്. നിലവിൽ 74 ഇനം മരുന്നുകളുടെയും, അവയുടെവിവിധയിനം കോമ്പിനേഷനുകളുടെയും സീലിംഗ് പ്രൈസ് മാത്രമാണ് NPPA നിശ്ചയിച്ചിട്ടുള്ളത്. സംസ്ഥാന സർക്കാരിന് മരുന്നുകളുടെ വില നിശ്ചയിക്കുന്നതിൽ ഒരധികാരവും ഇപ്പോൾ ഇല്ല. |

(ബി) ക്യാൻസർ, കിഡ്നി, രോഗികൾക്ക് സബ്സിഡി നിരക്കിൽ മരുന്നുകൾ വിതരണം ചെയ്യുന്നതിന് എന്തെങ്കിലും സംവിധാനം നിലവിലുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടികൾ സ്വീകരിക്കുമോ?

(ബി) ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള എല്ലാവർക്കും സർക്കാരിന്റെ Essential Drugs List ലുള്ള 250 ഓളം മരുന്നുകളും, സാമഗ്രികളും സൗജന്യമായി കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ വഴി സർക്കാർ ആശുപത്രികളിലൂടെ വിതരണം ചെയ്യുന്നുണ്ട്. ക്യാൻസർ മരുന്നുകൾ, ഹൃദ്രോഗ-വൃക്കരോഗങ്ങൾക്കുള്ള മരുന്നുകൾ, ചില ആന്റി ബയോട്ടിക്കുകൾ സംസ്ഥാന സർക്കാരിന്റെ സംഭരണ ഏജൻസി ആയ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ വഴി മൊത്തമായി വാങ്ങി പാവപ്പെട്ട രോഗികൾക്ക് സൗജന്യമായി വിതരണം ചെയ്തു വരുന്നുണ്ട്.

സെക്ഷൻ ഓഫീസർ